# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം.പി.ആർ.98/2024** **തിരുവനന്തപുരം, തീയതി: 06/05/2024**

# പത്രക്കുറിപ്പ്

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 2023-2024 അദ്ധ്യയന വർഷത്തിൽ രണ്ടാം സെമസ്റ്ററിലേയ്ക്ക് കോളേജ് മാറ്റത്തിനായി അപേക്ഷിക്കാം. വിദ്യാർത്ഥികൾ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും സ്വാശ്രയ കോളേജുകൾ തമ്മിലും അനുവദിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബിരുദ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെയും ചേരാൻ ഉദ്ദേശിക്കുന്ന കോളേജിലെയും പ്രിൻസിപ്പാൾമാരുടെ ശുപാർശ യോടെ 1050/- രൂപ ഫീസടച്ച് 2024 മെയ് 25 നകം സർവകലാശാല രജിസ്ട്രാർ തപാലിൽ സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ട താണ്. അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ് ആന്റ് മലയാളം ലിറ്ററേച്ചർ, ബി.എ. ഇക്കണോമിക്സ് ആന്റ് മാത്തമാറ്റിക്സ്, ബി.എസ്സി., ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 മെയ് 13 വരെ SLCM ഓൺലൈൻ പോർട്ടൽ മുഖേന അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷകൾ പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ വിവിധ കോളേജുകളിൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/പ്രോജക്ട്/വൈവവോസി

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ) പരീക്ഷയുടെ കെമിസ്ട്രി, ജിയോളജി, ഹോം സയൻസ് പ്രാക്ടിക്കൽ/ പ്രോജക്ട്/വൈവവോസി പരീക്ഷകൾ 2024 മെയ് 14 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2024 മെയ് 20 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. റെഗുലർ – 2020 അഡ്മിഷൻ (2020 സ്കീം), സപ്ലിമെന്ററി – 2014 - 2019 അഡ്മിഷൻ (2013 സ്കീം), മേഴ്സിചാൻസ് – 2012 അഡ്മിഷൻ (2011 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ എം.എ./എം.കോം./എം.എസ്സി. (മേഴ്സിചാൻസ് – 2001 – 2019 അഡ്മിഷൻ വരെ) മെയ് 2024 പരീക്ഷ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2024 മെയ് 15 വരെയും 150 രൂപ പിഴയോടെ മെയ് 18 വരെയും 400 രൂപ പിഴയോടെ മെയ് 21 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**